# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2960 13.03.2018-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി 2017-18 ൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെയും വാർഷിക പദ്ധതികൾ 2017 ജൂൺ 15-ാം തീയതിക്ക് മുമ്പ് ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 2018-19 വർഷത്തെ പദ്ധതിക്ക് 2018 മാർച്ച് മാസത്തിൽ തന്നെ അംഗീകാരം നേടി ഏപ്രിൽ 1 ന് നിർവഹണം ആരംഭിക്കുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) | പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉല്പാദന മേഖലയ്ക്ക് നൽകിയ ഊന്നൽ, കൃഷി, മൃഗസംരക്ഷണം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം എന്നീ മേഖലകളിൽ | ബി) | ഉണ്ട്.<br>പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഉല്പാദന മേഖലക്ക് നൽകിയ ഊന്നൽ കാർഷിക മേഖലയിൽ മാറ്റം വരുത്തിയിട്ടുണ്ട്. പച്ചക്കറി |

| | | | |
|---|---|---|---|
| | എന്തൊക്കെ മാറ്റങ്ങൾ വരുത്തിയെന്ന് വിലയിരുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ? | | ഉല്പാദനമേഖലയിൽ വലിയതോതിലുള്ള മാറ്റം ദൃശ്യമാണ്. ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്ന ഉല്പാദനമേഖലയിലെ പദ്ധതി പ്രവർത്തനങ്ങൾ കൃഷി, മൃഗസംരക്ഷണം, ജലസംരക്ഷണം, മണ്ണ് സംരക്ഷണം, എന്നീ മേഖലകളിൽ വലിയ മാറ്റം കൊണ്ടു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ